**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1857** **18.06.2012-ൽ മറുപടിക്ക്.**

## ഫയർ & റസ്ക്യൂ സ്റ്റേഷനുകളിലെ വാഹന ദൗർബല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഫയർ& റസ്ക്യൂ ആഫീസുകളിൽ അനുഭവപ്പെടുന്ന വാഹനദൗർബല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അഞ്ഞൂറ് രൂപയ്ക്ക് മുകളിൽ ചെലവ് വരുന്നതായ വാഹനങ്ങളുടെ റിപ്പെയർ പണികൾക്ക് ടെക്നിക്കൽ ഡയറക്ടറുടെ അംഗീകാരം വേണമെന്ന സങ്കീർണ്ണമായ നിബന്ധന പുന:പരിശോധിക്കുന്നതിന് നടപടിയുണ്ടാകുമോ;<br>(സി) പ്രസ്തുത നിബന്ധനമൂലം ഈ വകുപ്പിലുള്ള വാഹനങ്ങളുടെ കേടുപാടുകൾ യഥാസമയം തീർക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) & (സി)<br>അഞ്ഞൂറ് രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ടെക്നിക്കൽ ഡയറക്ടറുടെ അംഗീകാരം വേണം എന്ന നിബന്ധന ഇല്ല. എന്നാൽ പൊതുമരാമത്ത് വകുപ്പിലെ മെക്കാനിക്കൽ ഡിവിഷനിലെ ബന്ധപ്പെട്ട ടെക്നിക്കൽ അതോറിറ്റിയുടെ അംഗീകാരം വേണം. ആയത് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. ആയത് പരിഹരിക്കുന്നതിലേയ്ക്കായി അഗ്നിശമന രക്ഷാസേവന വകുപ്പിൽ പുതിയതായി 7 സ്റ്റേഷനാഫീസർ (മോട്ടോർ ട്രാൻസ്പോർട്ട്) തസ്തിക അനുവദിച്ചിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (ഡി) മതിയായ വാഹനസൗകര്യം വകുപ്പിൽ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | : (ഡി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ